# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: T 3429 — 14.10.2011 ൽ മറുപടിയ്ക്ക്

## തട്ടേക്കാട് പക്ഷിസങ്കേതത്തിൻെറ വികസനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി. യു. കുരുവിള<br>ശ്രീ. മോൻസ് ജോസഫ് | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) എറണാകുളം ജില്ലയിലെ തട്ടേക്കാട് പക്ഷി സങ്കേതത്തിൽ വിദേശികളായ ടൂറിസ്റ്റുകളെ പ്രവേശിപ്പിക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) തട്ടേക്കാട് പക്ഷിസങ്കേതത്തിൽ വിദേശികളായ ടൂറിസ്റ്റുകളെ പ്രവേശിപ്പിക്കുന്നതിൽ വിലക്ക് ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ മാക്കാച്ചിക്കാടയുടെ പ്രധാന ആവാസ കേന്ദ്രമായ ഉൾവനപ്രദേശത്ത് ട്രക്കിംഗും ക്യാമ്പിംഗും അനുവദിക്കാറില്ല. ആയത് വിദേശികൾക്കും സ്വദേശികൾക്കും ഒരുപോലെ ബാധകമാണ്. |
| (ബി) പ്രസ്തുത പക്ഷി സങ്കേതത്തിൻെറയും മൃഗശാലയുടെയും പുരോഗതിക്കും സംരക്ഷണത്തിനുമായി എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ; | (ബി) പുതിയ പദ്ധതികൾ ഒന്നും ആവിഷ്ക്കരിച്ചിട്ടില്ല. |
| (സി) ഈ പക്ഷി സങ്കേതത്തിലേക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (സി) ബഹു. എം.പി., ബഹു. എം.എൽ.എ., പഞ്ചായത്ത് മെമ്പർ തുടങ്ങിയ ജനപ്രതിനിധികളുമായി കൂടിയാലോചിച്ച് തട്ടേക്കാട് പക്ഷി സങ്കേതത്തിലേക്ക് കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ